**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. **6494** — **01/11/2011 ൽ മറുപടിയ്ക്ക്**

## ഭാരതീയ ചികിത്സാ വകുപ്പിൽ ദിവസവേതനം വർദ്ധിപ്പിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഭാരതീയ ചികിത്സാ വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് എത്ര രൂപ വീതമാണ് നൽകി വരുന്നത്; തസ്തികകളുടെ പേരും നൽകി വരുന്ന വേതനവും വേർതിരിച്ചു വ്യക്തമാക്കുമോ; | (എ) ഭാരതീയ ചികിത്സാ വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം ചുവടെ ചേർക്കുന്നു. |

| നം | തസ്തികയുടെ പേര് | നൽകിവരുന്ന വേതനം |
|---|---|---|
| 1) | മെഡിക്കലാഫീസർ | - 300 രൂപ |
| 2) | നഴ്സ് | - 175 രൂപ |
| 3) | ഫാർമസിസ്റ്റ് | - 175 രൂപ |
| 4) | ലാബ് ടെക്നീഷ്യൻ | - 175 രൂപ |
| 5) | ആയു.തെറാപ്പിസ്റ്റ് | - 150 രൂപ |
| 6) | അറ്റൻഡർ/നഴ്സിംഗ് അസിസ്റ്റന്റ്, ഫാർമസി അറ്റൻഡർ | - 125 രൂപ |

| ചോദ്യം | ഉത്തരം |
|---|---|
| (ബി) ഇവർക്ക് നൽകിവരുന്ന വേതനം പത്ത് വർഷം മുമ്പുള്ളതും വളരെ തുച്ഛവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) എങ്കിൽ പ്രസ്തുത വകുപ്പിൽ വിവിധ തസ്തികകളിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) വേതനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ഫയൽ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ